**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 803** **14-01-2021 - ൽ മറുപടിയ്ക്ക്**

**പട്ടുവം മോഡൽ റസിഡൻഷ്യൽ സ്കൂൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ റ്റി . വി. രാജേഷ്** | | **Shri A. K. Balan**<br>**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പുമന്ത്രി)** | |
| (എ) | കണ്ണൂർ ജില്ലയിൽ പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പട്ടുവം മോഡൽ റസിഡൻഷ്യൽ സ്കൂളിൽ അടിസ്ഥാന സൗകര്യ വികസനത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ? | (എ) | കണ്ണൂർ ജില്ലയിൽ പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പട്ടുവം മോഡൽ റസിഡൻഷ്യൽ സ്കൂളിൽ അടിസ്ഥാന സൗകര്യ വികസനത്തിന് വകുപ്പ് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു. 1. ജീവനക്കാർക്കായി 18 ക്വാർട്ടേഴ്സുകളും, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, വാച്ച്മാൻ കാബിൻ എന്നിവയും നിർമ്മിച്ചു. 2. ഹയർ സെക്കണ്ടറി വിഭാഗം ഐ.റ്റി ലാബ് നവീകരിച്ചിട്ടുണ്ട്. 3. ഹൈസ്കൂൾ, യു.പി.സ്കൂൾ മെസ്സ് ഹാൾ, ടൈപ്പ് സിംഗിൾ IV ക്വാർട്ടേഴ്സ്, പ്ലസ്ടു ക്ലാസ് ഗ്രൗണ്ട് ഫ്ലോർ എന്നിവയുടെ റിപ്പയറിംഗ് നടത്തിയിട്ടുണ്ട്. 4. ഹയർ സെക്കണ്ടറി ഹോസ്റ്റൽ റിപ്പയറിംഗ് നടത്തിയിട്ടുണ്ട്. 5. സ്മാർട്ട് / ഹൈടെക് ക്ലാസ് റൂം സജ്ജീകരിച്ചിട്ടുണ്ട്. 6. കമ്പ്യൂട്ടർ ലാബ് സജ്ജീകരിച്ചിട്ടുണ്ട്. 7. സ്ഥാപനത്തിലെ അടുക്കളയിൽ സ്റ്റീം ബെയ്സ്ഡ് കുക്കിംഗ് സിസ്റ്റം സ്ഥാപിച്ചിട്ടുണ്ട്. 8. സ്കൂൾ ഹോസ്റ്റൽ കാമ്പസുകളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിച്ചിട്ടുണ്ട്. 9. സ്കൂൾ ഹോസ്റ്റൽ കെട്ടിടങ്ങളിൽ മിന്നൽ രക്ഷാചാലകം സ്ഥാപിച്ചിട്ടുണ്ട്. 10. സ്കൂൾ ഹോസ്റ്റൽ കെട്ടിടങ്ങളിൽ സി.സി.റ്റി.വി സജ്ജീകരിച്ചിട്ടുണ്ട്. 11. ജല ശുദ്ധീകരണ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. 12. സ്കൂൾ റേഡിയോ സ്ഥാപിച്ചിട്ടുണ്ട്. 13. ലാംഗ്വേജ് ലാബ് സ്ഥാപിച്ചിട്ടുണ്ട് 14. ഡിജിറ്റൽ ലൈബ്രറി സ്ഥാപിച്ചിട്ടുണ്ട്. 15. മൾട്ടി പർപ്പസ് കോർട്ട് സ്ഥാപിച്ചിട്ടുണ്ട്. 16. ഔട്ട് ഡോർ ഫിറ്റ്നസ് സെന്റർ സ്ഥാപിച്ചിട്ടുണ്ട്. 17. ഫയർ എക്സ്റ്റിംഗ്യുഷർ സ്ഥാപിച്ചിട്ടുണ്ട്. 18. സോളാർ പവർ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. 19. വിദ്യാർത്ഥികൾക്കായി മോഡേണൈസ്ഡ് സയൻസ് എക്സ്പെരിമെന്റ് കിറ്റ് ലഭ്യമാക്കിയിട്ടുണ്ട്. 20. ലാബുകളിൽ ആസിഡ് |

| | | | |
|---|---|---|---|
| | | | സ്റ്റോറേജ് ക്യാബിനറ്റ് സ്ഥാപിച്ചിട്ടുണ്ട്. 21. സ്കൂൾ ക്യാമ്പസ് സൗന്ദര്യവത്കരണം നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ